എവിടെയെങ്കിലും ഉണ്ടെങ്കിൽ നടപടി എടുക്കും. മറ്റ് കാര്യങ്ങൾ പ്രത്യേക ചോദ്യമായി ചോദിച്ചാൽ ഉത്തരം നൽകുന്നതാണ്.

ശ്രീ. കെ. മോഹൻകുമാർ: സർ, സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. തുടങ്ങിയ സെൻട്രൽ സിലബസ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് സാമ്പ്രദായ കോളേജുകളിൽ വരിച്ചുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഒരു നയവും പദ്ധതിയും ആവിഷ്കരിക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള കേന്ദ്രീയ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കാൻ കഴിഞ്ഞ വർഷം തീരുമാനിച്ചിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളെക്കുറിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പട്ടിക വർഗ്ഗ വിദ്യാർത്ഥികളോട് ഈ ഗവൺമെന്റ് എപ്പോഴും ചിറ്റമ്മ നയമാണ് കാണിക്കുന്നത് എന്നുള്ളതിന്റെ ഒരു ദൃഷ്ടാന്തമാണ് എന്റെ മണ്ഡലത്തിലെ കാര്യം. അവിടെ കഴിഞ്ഞ തവണ മുന്നൂറോളം സർക്കാർ ഹൈസ്കൂളുകളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചപ്പോൾ കേരളത്തിലെ ഒരേയൊരു പട്ടികവർഗ്ഗ മോഡൽ റസിഡൻഷ്യൽ സ്കൂളിലാണ് പ്ലസ് ടു അനുവദിച്ചത്. കഴിഞ്ഞ വർഷം അത് തുടങ്ങിയില്ല. വളരെ നിസ്സാരമായ പോസ്റ്റർ ക്രിയേഷനുണ്ടെങ്കിൽ തുടങ്ങാമായിരുന്നതും നൂറിലേറെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് നല്ല ചവിട്ടുപടി ആകുന്നതുമായ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു തുടങ്ങുന്നതിൽ ഈ ഗവൺമെന്റ് അനാസ്ഥ കാണിച്ചിരിക്കുന്നു. അത് പട്ടികവർഗ്ഗ വിദ്യാർത്ഥികളോട് ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനത്തിന്റെ മറ്റൊരു ഉദാഹരണമാണ്. ആ പോരായ്മ പരിഹരിച്ച് കഴിഞ്ഞ വർഷം ആരംഭിക്കാതിരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഹയർ സെക്കൻഡറി തുടങ്ങാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അതിനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. എ. പി. അനിൽകുമാർ: ഈ ഗവൺമെന്റിന് അത്തരമൊരു ചിറ്റമ്മ നയം ഇല്ല എന്നുള്ളതിന് തെളിവാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗത്തിന്റെ തന്നെ മണ്ഡലത്തിൽ ഒരു ഹയർ സെക്കൻഡറി സ്കൂൾ അനുവദിച്ചു എന്നുള്ളത്. അത് അദ്ദേഹത്തിന് വളരെ വ്യക്തമായി അറിയാവുന്ന കാര്യമാണ്. അവിടെ അതിനാവശ്യമായ സൗകര്യങ്ങൾ നിലവിലുള്ള സ്ഥലം എം. എൽ. എ. ചൂണ്ടിക്കാണിക്കുകയാണെങ്കിൽ, അവിടെ തുടങ്ങാമെന്ന് ഞാൻ അറിയിക്കുകയാണ്. അതിനാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതുകൊണ്ടാണ് തുടങ്ങാത്തത്. സ്ഥലം കിട്ടിയാൽ എത്രയും പെട്ടെന്ന് അത് തുടങ്ങാനുള്ള നടപടിയെടുക്കാം.

കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡം

*2 [335] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പെർമെനൻറ് അഫിലിയേഷൻ ലഭിക്കാത്ത എത്ര അൺഎയ്ഡഡ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) അൺഎയ്ഡഡ് കോളേജുകൾക്ക് പെർമെനൻറ് അഫിലിയേഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ;

(സി) പെർമെനൻറ് അഫിലിയേഷൻ ലഭിക്കാത്ത കോളേജുകൾക്ക് യു. ജി. സി. ഗ്രാൻറ് ലഭിക്കുന്നതിന് നടപടിസ്വീകരിച്ചിട്ടുണ്ടോ;

(ഡി) യൂണിവേഴ്സിറ്റികൾക്ക് പെർമെനൻറ് അഫിലിയേഷൻ നൽകുന്നതിന് അധികാരമുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് നിയമഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) കണ്ണൂർ സർവ്വകലാശാലയ്ക്കു കീഴിലുള്ള കാസർഗോഡ് എൽ. ബി. എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗിന് ഗവൺമെൻറ് അഫിലിയേഷൻ നൽകിയിട്ടുണ്ട്. മറ്റ് അൺഎയ്ഡഡ് കോളേജുകൾക്കൊന്നും പെർമെനൻറ് അഫിലിയേഷൻ സർവ്വകലാശാലകൾ നൽകിയിട്ടില്ല.

(ബി) അൺഎയ്ഡഡ് കോളേജുകൾക്ക് പെർമെനൻറ് അഫിലിയേഷൻ നൽകുന്നത് സംബന്ധിച്ച് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ പ്രത്യേകിച്ച് മാനദണ്ഡങ്ങളില്ല. സർവ്വകലാശാലകൾക്കു കീഴിലുള്ള എല്ലാ കോളേജുകൾക്കും അഫിലിയേഷൻ നൽകുന്നത് സംബന്ധിച്ച മാനദണ്ഡം മാത്രമേയുള്ളൂ.

(സി) യു. ജി. സി.-യുടെ 2 (എഫ്), 12 (ബി)-യുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകൾക്ക് മാത്രമേ യു. ജി. സി. ഗ്രാൻറിന് അപേക്ഷിക്കാൻ അർഹതയുള്ളൂ. 12 (ബി)-യിൽ ഉൾപ്പെടണമെങ്കിൽ ഒരു കോളേജിന് പെർമെനൻറ് അഫിലിയേഷൻ ഉണ്ടായിരിക്കണം.

(ഡി) ഉണ്ട്.

(ഇ) നിയമ ഭേദഗതിയുടെ ആവശ്യം വരുന്നില്ല.

ശ്രീ. തോമസ് ചാഴികാടൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അൺഎയിഡഡ് കോളേജുകൾക്ക് പെർമെനൻറ് അഫിലിയേഷൻ നൽകുന്നത് സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങളൊന്നും സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിൽ ഇല്ലെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോഴുള്ള സ്റ്റാറ്റ്യൂട്ടിനു സരിച്ച് എയിഡഡ് കോളേജുകൾക്ക് മാത്രമേ പെർമെനൻറ് അഫിലിയേഷൻ കൊടുക്കാൻ കഴിയുകയുള്ളൂ. അതാണ് ഇപ്പോഴത്തെ സ്ഥിതി. എന്നാൽ അൺഎയിഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനം, അപ്രൂവൽ, കോഴ്സുകൾ തീരുമാനിക്കൽ, ഫീസ് സ്ട്രക്ചർ തുടങ്ങിയവയെ സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കാനുള്ള അധികാരം യൂണിവേഴ്സിറ്റി ആക്ട് അനുസരിച്ച് ഗവൺമെൻറിനുണ്ട്. ഇതൊക്കെ സാധിക്കണമെങ്കിൽ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ സ്റ്റാറ്റ്യൂട്ടിൽ മാറ്റം വരുത്തുകയും വേണം. പെർമെനൻറ് അഫിലിയേഷൻ കിട്ടിയാൽ മാത്രമേ യു. ജി. സി. ഗ്രാൻറ് ലഭിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ യൂണിവേഴ്സിറ്റികളോടാവശ്യം ഇതുവരെ സ്റ്റാറ്റ്യൂട്ട് അമെൻറ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്ക് ഈ സ്റ്റാറ്റ്യൂട്ട് അമെൻഡ് ചെയ്യാനുള്ള നിർദ്ദേശം കൊടുത്തു. എയിഡഡ് കോളേജുകളെ നാടിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി അൺഎയിഡഡ് കോളേജിന് അഫിലിയേഷൻ കിട്ടാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയത്തക്ക വിധത്തിൽ സ്റ്റാറ്റ്യൂട്ട് അമെൻഡ് ചെയ്യാൻ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം കൊടുക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അഫിലിയേഷനെ സംബന്ധിച്ചുള്ള കാര്യങ്ങൾ നിലവിലുള്ള നിയമപ്രകാരം യൂണിവേഴ്സിറ്റികൾക്ക് ചെയ്യാവുന്നതാണ്. എന്നാൽ സ്റ്റാറ്റ്യൂട്ട് ഭേദഗതി വേണമെന്നുള്ള നിയമോപദേശം കിട്ടിയിട്ടില്ല. അങ്ങനെയാണെങ്കിൽ ഒ. യു. സി. സി. (Inter University Consultation Committee)-യുടെ ഒരു യോഗം വിളിക്കുന്നുണ്ട്. ഐ. യു. സി.സി.-യുടെ യോഗത്തിൽ പെർമെനന്റ് അഫിലിയേഷന്റെ കാര്യത്തിൽ സ്റ്റാറ്റ്യൂട്ടിൽ ആവശ്യമായ ഭേദഗതി അജണ്ടയിൽ ഉൾപ്പെടുത്തി ചെയ്യാൻ ആവശ്യമായ നിർദ്ദേശം കൊടുക്കാം.

ശ്രീ. തോമസ് ചാഴികാടൻ: അൺഎയിഡഡ് കോളേജുകളിൽ കൺവെൻഷണൽ കോഴ്സുകൾക്ക് ചേരാൻ കുട്ടികളില്ല. പലപ്പോഴും ബി. എസ്. സി.-ക്കൊക്കെ നാലോ അഞ്ചോ അപ്ലിക്കേഷനാണ് കിട്ടുന്നത്. അതുകൊണ്ട് കൂടുതൽ കുട്ടികളും അഡ്വാൻസ്ഡ് കോഴ്സുകൾ പഠിക്കുന്നതിനാണ് ഇന്ന് ആഗ്രഹിക്കുന്നത്; ഏറ്റവും മോഡേണായിട്ടുള്ള കോഴ്സുകളാണ് ഇഷ്ടപ്പെടുന്നത്. എയിഡഡ് കോളേജുകളിൽ കഴിഞ്ഞ വർഷം അഡ്വാൻസ്ഡ് കോഴ്സുകൾ തുടങ്ങുന്നതിന് വേണ്ടി കുറേ കോളേജുകൾക്ക് അനുമതി കൊടുത്തിരുന്നു. ഇത് ഗവൺമെന്റിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാക്കുന്നില്ല. കുട്ടികൾ പഠിക്കാൻ ഇഷ്ടപ്പെടുന്ന കോഴ്സുകൾ തുടങ്ങാൻ ഈ വർഷം ഇതുവരെ ഗവൺമെന്റ് അനുവാദം കൊടുത്തിട്ടില്ല. ഇപ്പോൾ അഡ്മിഷന്റെ സമയമാണ്. എത്രയും വേഗം എയിഡഡ് കോളേജുകളിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളിൻമേൽ ഗവൺമെന്റ് തീരുമാനം എടുക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇത് നയപരമായ സംഗതിയാണ്. എയിഡഡ് കോളേജുകളിൽ അൺഎയിഡഡ് കോഴ്സുകൾ കൂടി നടക്കുന്ന സമയത്ത് രണ്ട് വ്യത്യസ്തമായ രീതി സംവിധാനം വരികയും അതുവഴി കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു എന്നുള്ള പരാതി ലഭിച്ചിരിക്കുകയാണ്. രണ്ട് അഡ്മിനിസ്ട്രേഷനാണ്. കോളേജുകളിൽ എയിഡഡ് കോഴ്സുകൾ പഠിപ്പിക്കുന്ന അദ്ധ്യാപകരെ അൺഎയിഡഡ് കോഴ്സുകൾക്ക് ഉപയോഗിക്കുന്നു എന്നുള്ള പരാതികളും വന്നിരിക്കുകയാണ്. പരാതിയെല്ലാം പരിശോധിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ നയപരമായ ഒരു തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. റോഷി അഗസ്റ്റിൻ: യു. ജി. സി. അംഗീകാരം ലഭിച്ചതിനുശേഷം മാത്രമാണ് കോളേജുകളിൽ ഗ്രാന്റ് ലഭിക്കുക എന്നു സൂചിപ്പിച്ചു. ഈ സാഹചര്യത്തിൽ യു. ജി. സി. യുടെ അംഗീകാരം ലഭിക്കാൻ NAAC (National Assessment Accreditation Committee)-യുടെ Accreditation ആവശ്യമാണോ? കേരളത്തിൽ എത്ര കോളേജുകൾക്ക് NAAC-യുടെ Accreditation ഉണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: യു.ജി.സി.-യുടെ സ്ഥിര അംഗീകാരം ലഭിക്കുന്ന കാര്യത്തിൽ N.A.A.C.-യുടെ Accreditation അവർ നിർദ്ദേശിക്കുന്നുണ്ട്. കേരളത്തിലെ 115 കോളേജുകൾക്കാണ് N.A.A.C.-യുടെ Accreditation കിട്ടിയിട്ടുള്ളത്. ബാക്കി കോളേജുകളിൽ N.A.A.C.-യുടെ Accreditation സംബന്ധിച്ച് പ്രോസസ് നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: കേരളത്തിൽനിന്നും യു.ജി.സി. പദ്ധതിക്കു വേണ്ടി പ്രത്യേകമായി പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: യു.ജി.സി. സഹായത്തോടെ ഇൻഡിവിഡ്വലായി വ്യക്തികൾ കൊടുക്കുന്ന അപേക്ഷയുണ്ട്; മേജർ പ്രോജക്ടും മൈനർ പ്രോജക്ടും ഉണ്ട്. കോളേജുകളുടെ ഡെവലപ്പ്മെന്റിനുതന്നെ പ്രൈവറ്റ് കോളേജുകൾക്ക് യു.ജി.സി.-യെ സമീപിക്കാവുന്നതാണ്. ഇതിനു പുറമെ ഗവൺമെന്റ് തലത്തിൽത്തന്നെ കേരളത്തിലെ 32 ഗവൺമെന്റ് കോളേജുകളുടെ പുരോഗതിക്കുവേണ്ടി, അതായത് ടീച്ചേഴ്സ് ട്രെയിനിംഗ്, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഇത്യാദി കാര്യങ്ങൾക്കുവേണ്ടി 87,65,00,000 രൂപയുടെ ഒരു പ്രോജക്ട് കൊടുത്തിട്ടുണ്ട്. ഇതിനുപുറമെ കേരളത്തിലെ ഹെറിറ്റേജ് കോളേജുകൾ എന്ന് വിശേഷിപ്പിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവയ്ക്ക് വേണ്ടിയിട്ടുള്ള മറ്റൊരു പദ്ധതിയും കൊടുത്തിട്ടുണ്ട്. അത് 1,56,63,37,803 രൂപയുടേതാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർവ്വകലാശാലാ അഫിലിയേഷനുവേണ്ടി ആവശ്യപ്പെട്ടിട്ടും ഇതുവരെ ലഭിക്കാത്തതും സാങ്കേതിക കാരണങ്ങളാൽ അഫിലിയേഷൻ കിട്ടാത്തതുമായ എത്ര കോളേജുകൾ സംസ്ഥാനത്ത് ഉണ്ടെന്ന് പറയാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അൺഎയ്ഡഡ് കോളേജുകളെ സംബന്ധിച്ചിടത്തോളം എല്ലാത്തിനും പെർമെനന്റ് അഫിലിയേഷൻ കൊടുത്തിട്ടില്ലെന്ന് മാത്രമേയുള്ളൂ. പ്രൊവിഷണൽ അഫിലിയേഷൻ കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ സ്റ്റാറ്റ്യൂട്ടിൽ ആവശ്യമായ ഭേദഗതി വരുത്തി പെർമെനന്റ് അഫിലിയേഷനുള്ള നടപടികൂടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ്: ബി.എഡ്. കോളേജുകൾക്ക് അംഗീകാരം ലഭിക്കാൻ സംസ്ഥാന ഗവൺമെന്റിന്റെ അനുവാദം ആവശ്യമില്ല. എന്നാൽ സുപ്രീം കോടതിയുടെ ഒരു വിധിയുണ്ട്. ഇതിനെപ്പറ്റി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത തീരുമാനമെടുക്കാനാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; അതോ ഇത് വേണ്ട എന്ന അഭിപ്രായത്തോട് ഗവൺമെന്റിന് യോജിപ്പാണോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഗവൺമെന്റ് ഇതിനോട് യോജിക്കുന്നില്ല. ഏതാനും ബി. എഡ്. കോളേജിന്റെ ആളുകൾ സുപ്രീം കോടതിയിൽ പെറ്റീഷൻ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഇൻറീം ജഡ്ജ്മെന്റ് വന്നു. അതായത് ഗവൺമെന്റിന്റെ എൻ.ഒ.സി. ആവശ്യമില്ലാതെത്തന്നെ എൻ.സി.ടി.ഇ.-ക്ക് അംഗീകാരം ലഭിക്കും എന്നുള്ള രീതിയിലാണ്

LIBRARY ARCHIVES Kerala Legislative Assembly

വന്നത്. ഗവൺമെന്റ് ഇതിനോട് യോജിക്കുന്നില്ല. ഗവൺമെന്റിന് തീർച്ചയായിട്ടും ഒരു സേ (Say) ഉണ്ടാകണം. ഈ സംസ്ഥാനത്ത് ഏത് കോളേജിലാണ് നടക്കേണ്ടത്; എത്ര കോളേജുകളിൽ നടത്തണം ഇത്യാദി കാര്യങ്ങളും ഗവൺമെന്റുതന്നെയാണ് അവസാനമായി പറയേണ്ടത്. അതിന് ഗവൺമെന്റിന്റെ അനുവാദം ആവശ്യമില്ല എന്നുള്ള വിധത്തിലാണ് വിധി വന്നിട്ടുള്ളത്. ഗവൺമെന്റ് അത് പരിശോധിച്ചതിനുശേഷം അപ്പീലിനു പോകും. അതിനുപുറമെ ഞങ്ങളും എൻ.സി.ടി.ഇ.ക്കും എഴുതിയിരിക്കുകയാണ്. എൻ.സി.ടി.ഇ. എന്നുപറയുന്ന റെഗുലേറ്ററി ബോഡിക്ക് സംസ്ഥാന ഗവൺമെന്റിന്റെ സമ്മതം ഇല്ലാതെ നേരിട്ട് അംഗീകാരം കൊടുക്കാം എന്നുള്ള വിധി വന്നാൽ അത് ഒരിക്കലും ശരിയാകുകയില്ല. അതുകൊണ്ട് ഞങ്ങളും അവർക്കും എഴുതാൻ പോകുകയാണ്. വിദ്യാഭ്യാസം എന്നുപറയുന്നത് കൺകറന്റ് ലിസ്റ്റിൽ പെട്ടതാണ്. സ്റ്റേറ്റിന് ഇക്കാര്യത്തിൽ പറയാനുള്ള അവകാശം ഉണ്ട്. അതല്ലാതെ റെഗുലേറ്ററി ബോഡികളും ഇത് പറയുന്നത് ശരിയല്ല. എൻ സി.ടി.ഇ., ഐ.സി.ടി.ഇ., യു.ജി.സി. തുടങ്ങിയ റെഗുലേറ്ററി ബോഡികളുടെ അധികാരങ്ങളും റീ-ഡിഫൈൻ ചെയ്യണം. അതുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. തന്നാനൂർ രവി: അൺഎയിഡഡ് കോളേജുകളും കേരളത്തിന്റെ റിയാലിറ്റിയാണ്. വളരെ നന്നായി നടക്കുന്ന നല്ലനല്ല കോഴ്സുകളും നടത്തുന്ന അൺഎയിഡഡ് കോളേജുകളുണ്ട്. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിൽ വരുന്ന ഇമ്മാനുവേൽ കോളേജ്, ഇത്തരം കോളേജുകളിൽ പുതിയ കോഴ്സുകളും തുടങ്ങാറുണ്ട്. സാമ്പത്തിക പ്രയാസം വച്ചുകൊണ്ട് എല്ലാ കോഴ്സുകൾക്കും ഗവൺമെന്റിന് എയിഡഡ് കോളേജുകളും നടത്താൻ കഴിയുന്നില്ല. എന്റെ ചോദ്യം ഇത്തരം നല്ലതായി നടക്കുന്ന അൺഎയിഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുമ്പോൾ അത് കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ; ഇപ്പോഴത്തെ നിലവിലുള്ള നിയമം അനുസരിച്ച് അത്തരം കോഴ്സുകൾ കൊടുക്കുന്നതിൽ തടസ്സം നിലവിലുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഒരു തടസ്സവുമില്ല. ഈ പ്രാവശ്യം യൂണിവേഴ്സിറ്റിയിൽനിന്ന് വന്നിട്ടുള്ള എല്ലാ അപേക്ഷകളും ഗ്രാന്റ് ചെയ്തിരിക്കയാണ്. അതായത് പുതിയ കോളേജുകളെല്ലാം തന്നെ നല്ല ജോബ് ഓറിയന്റഡ് കോഴ്സുകൾ മുന്നോട്ടും വീതം നൽകിയിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം പ്രവർത്തിച്ചുകൊണ്ടിരുന്ന കോളേജുകളും ഈ പ്രാവശ്യം ചോദിച്ചതിൽ ഓരോ കോഴ്സ് അവർക്കും കൊടുത്തിട്ടുണ്ട്. ഇതെല്ലാം മോഡേണായിട്ടുള്ള ജോബ് ഓറിയന്റഡ് കോഴ്സുകളാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, നമ്മുടെ സ്വാശ്രയ കോളേജുകൾക്ക് യൂണിവേഴ്സിറ്റി പെർമനന്റ് അഫിലിയേഷൻ കൊടുക്കാത്തതുകൊണ്ട് ഓരോ കൊല്ലവും അഫിലിയേഷൻ ഫീസ് കൊടുക്കേണ്ട സ്ഥിതിയുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ എഞ്ചിനീയറിംഗ്, ബി.എഡ്., നഴ്സിംഗ് എന്നിവയ്ക്ക് അഫിലിയേഷൻ ഇല്ലാത്തതുകൊണ്ട് ഒരു കുട്ടിയിൽനിന്ന് പ്രതിവർഷം ആയിരം രൂപ വച്ചാണ് മാനേജ്മെന്റ് അഫിലിയേഷൻ ഫീസ് അടയ്ക്കേണ്ടത്. അഫിലിയേഷൻ ഫീസ് അല്ലാതെ വേറെ ഫീസും അടയ്ക്കണം. അപ്പോൾ നൂറ് കുട്ടികൾ പഠിക്കുന്ന ഒരു കോളേജിന് ഏതാണ്ട് ഒന്നരകോടി ലക്ഷം രൂപ യൂണിവേഴ്സിറ്റിക്ക് എല്ലാ വർഷവും അടച്ചുകൊണ്ടിരിക്കണം. ഇത് കുട്ടികളിൽ നിന്നാണ് പിരിക്കുന്നത്. പേരിന് കാശുള്ള കുട്ടികളിൽനിന്ന് കിട്ടുകയില്ല എന്നുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് മാനേജ്മെൻറ് കാട്ടയിൽ വരുന്ന കുട്ടികളിൽനിന്ന് പിരിക്കും. പിരിക്കാതെ കൊടുക്കാനൊക്കുകയില്ല. ദുർവ്വഹമായ യൂണിവേഴ്സിറ്റി അഫിലിയേഷൻ ഫീസ് ഇന്ന് മെറിറ്റ് കാട്ടയിൽ അല്ലാതെ ചേരുന്ന കുട്ടികൾക്ക് കൂടുതൽ ഭാരം സൃഷ്ടിക്കും എന്നുള്ളതുകൊണ്ട് അതേപ്പറ്റി യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറുമായി ഗവൺമെൻറ് തലത്തിൽ ചർച്ച നടത്തി അഫിലിയേഷൻ ഫീസ് ഉൾപ്പടെയുള്ള ഫീസുകളുടെ തുക നോമിനൽ ഫീസ് ആക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ? എക്സാമിനേഷൻ ഫിസ് അവർ കൊടുക്കണം. കോസ്റ്റിൻെറയും പേപ്പറിൻെറയും പേപ്പർ നോക്കുന്നതിൻെറയും സൂപ്പർവിഷൻെറയും ചെലവ് അവരാണ് വഹിക്കുന്നത്. ഇതുകൂടാതെ വലിയൊരു ഫീസുകൂടി ഏർപ്പെടുത്തി കുട്ടികൾക്ക് ഭാരമാകുന്നതുകൊണ്ട് ഇതിന് ഒന്നുകിൽ പെർമെനൻറ് അഫിലിയേഷൻ കൊടുക്കുകയോ അല്ലെങ്കിൽ ഫീസ് കുറയ്ക്കുകയോ ചെയ്യുന്നതിന് നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അഫിലിയേഷൻെറയും ഫീസിൻെറയും കാര്യങ്ങൾ യൂണിവേഴ്സിറ്റിയുടെ ഭരണ നിർവ്വഹണത്തിൽപ്പെട്ടതാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ഐ. യു. സി. സി. യോഗം വിളിച്ചു കൂട്ടുന്ന സമയത്ത് കുട്ടികളിൽ ഈ ഫീസുകളുടെ ഭാരം ലഘൂകരിക്കുന്നതിന് എന്തുചെയ്യാൻ പറ്റുമെന്ന് യൂണിവേഴ്സിറ്റിയുമായി ഡിസ്കസ് ചെയ്യാം.

ശ്രീ. വി. സി. കബീർ: സർ, സാംസ്കാരിക കേരളത്തിൻെറ അഭിമാന സ്തംഭമാണ് കേരള കലാമണ്ഡലം. കേരള കലാമണ്ഡലത്തെ ഡീംഡ് യൂണിവേഴ്സിറ്റിയാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ശരിയായ രീതിയിൽ അപേക്ഷ കൊടുക്കാത്തതുകൊണ്ട് യു. ജി. സി: അത് പരിഗണിച്ചിട്ടില്ല. രണ്ട് പ്രാവശ്യം കടലാസ്സുകൾ തിരിച്ചയച്ചതായി ഞാൻ മനസ്സിലാക്കുന്നു. ഇക്കാര്യം വിദ്യാഭ്യാസ വകുപ്പു മന്ത്രി ഗൗരവമായി കണക്കിലെടുക്കുമോ; കേരള കലാമണ്ഡലത്തിൻെറ യശസ്സും പ്രശസ്തിയും ഉയർത്താൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കേരള കലാമണ്ഡലം സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനം കൂടിയാണ്. അദ്ദേഹം പറഞ്ഞ കാര്യം ഗൗരവമായി പരിശോധിച്ച് സാംസ്കാരിക വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാം.

മി. സ്പീക്കർ: സാംസ്കാരിക വകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, നിലവിലുള്ള അദ്ധ്യാപകർക്ക് വേണ്ടത്ര യോഗ്യതയില്ലാത്തതിൻെറ പേരിലാണ് ഡീംഡ് യൂണിവേഴ്സിറ്റി എന്നുള്ള നിർദ്ദേശം യു. ജി. സി. തള്ളിക്കളഞ്ഞത്. കേരള കലാമണ്ഡലത്തെ സാംസ്കാരിക വകുപ്പിൻെറ കീഴിൽ ഒരു സാംസ്കാരിക സർവ്വകലാശാലയായി നിലനിർത്തുന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതിനാവശ്യമായ നടപടി സ്വീകരിക്കും.

മി. സ്പീക്കർ: എത്ര സമയത്തിനുള്ളിൽ റിപ്പോർട്ട് കിട്ടും?

ശ്രീ. എ. പി. അനിൽകുമാർ: വളരെ പെട്ടെന്നു തന്നെ റിപ്പോർട്ട് തരണമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. ജെ. ജോയി: കണ്ണൂർ യൂണിവേഴ്സിറ്റി ഒരു അൺ എയ്ഡഡ് കോളേജിന് പെർമെനൻറ് അഫിലിയേഷൻ നൽകിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. മാത്രമല്ല, അങ്ങനെ അഫിലിയേഷൻ നൽകുന്നതിന് പ്രത്യേക മാനദണ്ഡം ഇല്ല എന്ന് സൂചിപ്പിക്കുകയുമുണ്ടായി. അങ്ങനെയെങ്കിൽ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് കണ്ണൂർ യൂണിവേഴ്സിറ്റി അൺഎയ്ഡഡ് കോളേജിന് പെർമെനൻറ് അഫിലിയേഷൻ നൽകിയത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ ആദ്യത്തെ ചോദ്യത്തിന്റെ മറുപടിയിൽ തന്നെ പറഞ്ഞു, നിലവിലുള്ള നിയമം വച്ചുകൊണ്ടുതന്നെ യൂണിവേഴ്സിറ്റികൾക്ക് ആകാം എന്ന്. അതു പ്രകാരമാണ് കൊടുത്തിട്ടുള്ളത്. സ്റ്റാറ്റ്യൂട്ടറിയായി എന്തെങ്കിലും ഭേദഗതി വേണമെന്നുണ്ടെങ്കിൽ അത് പരിശോധിച്ച് ചെയ്യാമെന്നാണ് ഞാൻ പറഞ്ഞത്. നിലവിലുള്ള പ്രൊവിഷൻ വച്ചുകൊണ്ടുതന്നെയാണ് കാസർഗോഡ് എൽ. ബി. എസ്. കോളേജിന് കണ്ണൂർ യൂണിവേഴ്സിറ്റി അഫിലിയേഷൻ നൽകിയത്.

ശ്രീ. എ. എ. അസീസ്: സഹകരണ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന അൺഎയ്ഡഡ് കോളേജുകൾക്ക് പെർമെനൻറ് അംഗീകാരം നൽകുന്ന കാര്യം യൂണിവേഴ്സിറ്റിയുടെ ശുപാർശയിലുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അഫിലിയേഷൻ നൽകുന്നത് സംബന്ധിച്ച് യൂണിവേഴ്സിറ്റിക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ചില നടപടിക്രമമുണ്ട്. അഫിലിയേഷനെ സംബന്ധിച്ച് അവർക്കൊരു team inspection ഉണ്ട്. അത് കഴിഞ്ഞശേഷം സിൻഡിക്കേറ്റിൽ തിരിച്ചുവന്ന് ഡിസ്കസ് ചെയ്യുന്ന സമ്പ്രദായവുമുണ്ട്. അത് പ്രകാരം സഹകരണാടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾക്ക് യൂണിവേഴ്സിറ്റിയെ സമീപിക്കാവുന്നതേയുള്ളൂ.

ശ്രീ. തോമസ് ഉണ്ണിയാടൻ: സംസ്ഥാനത്തെ മിക്കവാറും എയ്ഡഡ് കോളേജുകളും എല്ലാം തന്നെ അൺഎയ്ഡഡ് കോഴ്സുകളും ആരംഭിച്ചുകൊണ്ടിരിക്കയാണ്. അൺഎയ്ഡഡ് കോഴ്സുകളെ സംബന്ധിച്ചിടത്തോളം പ്രവേശന സമയത്ത് ഭീമമായ ഡൊണേഷൻ വാങ്ങുന്നു. ഫീസ് വളരെ ഭീമമായ നിലയിൽ ഈടാക്കുകയും ചെയ്യുന്നു. അതിന് എന്തെങ്കിലും മാനദണ്ഡം ഉണ്ടോ? എന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കോളേജുകളിൽ അഡ്മിഷൻ സമയത്ത് ക്യാപ്പിറേഷൻ ഫീസ് വാങ്ങുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമമുണ്ട്. പക്ഷേ ഇതിനെ സംബന്ധിച്ച് പരാതികളുണ്ട്. ആ പരാതികളും ഗൗരവമായി എടുക്കും. ഗവൺമെൻറിനു രേഖാമൂലം പരാതി കിട്ടിയാൽ അത് പരിഹരിക്കുന്നതിന് നിയമത്തിൽ സംവിധാനമുണ്ട്. തീർച്ചയായും ഇത് ഗൗരവമുള്ള പ്രശ്നമാണ്. പൊതുവൽക്കരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇതൊന്നും ഉണ്ടെന്നോ ഇല്ലന്നോ പറയുന്നതിൽ അർത്ഥമില്ല. അതേസമയം ഇങ്ങനെയുള്ള പരാതികളും ഗൗരവമായി എടുക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മറ്റൊരു ഘട്ടത്തിൽ വിശദമായി പറയുകയുണ്ടായി; ഏത് കോളേജ് ആയാലും അഡ്മിഷന്റെ സമയത്ത് ഏതെങ്കിലും വിധത്തിൽ അവർ പണം വാങ്ങുകയാണെങ്കിൽ ഗൗരവമായി എടുക്കും എന്ന്. അത്തരം സ്ഥാപനങ്ങളുടെ പേരിൽ നടപടിയെടുക്കും. മാത്രമല്ല നമ്മൾ പാസ്സാക്കിയ നിയമത്തിൽ ഇത്തരം സ്ഥാപനങ്ങൾ എന്തെങ്കിലും ക്രമക്കേട് ചെയ്യുകയാണെങ്കിൽ അവരുടെ അഫിലിയേഷൻ പിൻവലിക്കാൻ നിയമത്തിൽ വകുപ്പുണ്ട്. അതുകൊണ്ട് അത്തരം പരാതികൾ വളരെ ഗൗരവമായി കാണും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി ഏറെ സന്തോഷം പ്രദാനം ചെയ്യുന്നതാണ്. എയിഡഡ് ആകട്ടെ, അൺഎയിഡഡ് ആകട്ടെ, ഏത് സ്ഥാപനമായാലും കേരള സംസ്ഥാനത്ത് പ്രവർത്തിക്കണമെങ്കിൽ ഗവൺമെന്റ് നിയന്ത്രണത്തോടെ വേണമെന്നാണ് എന്റെ അഭിപ്രായം. ഗവൺമെന്റ് ഉത്തരവിട്ടാലും കേരള നിയമസഭ ഒരുമിച്ചു നിന്നുകൊണ്ട് തീരുമാനം എടുത്താലും നടപ്പാക്കുകയില്ല, ആ തീരുമാനം ഞങ്ങൾക്ക് ബാധകമല്ല എന്ന നിലയിൽ പോകുന്ന ചില കോളേജുകളുണ്ട്. ഉദാഹരണമായി കാരക്കോണം മെഡിക്കൽ കോളേജ്. ഒന്നുരണ്ട് വർഷം മെറിറ്റിൽ അഡ്മിഷൻ വാങ്ങി അവിടെ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളോട് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1,13,000-ൽ പകരം നാല് ലക്ഷത്തിൽ കൂടുതൽ രൂപ വാങ്ങിയിട്ടും ആ കുട്ടികളെ പഠിപ്പിക്കാതെ പുറത്ത് നിർത്തിയിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചിട്ട് കേൾക്കാൻ തയ്യാറാകുന്നില്ല. അങ്ങനെയുള്ള മാനേജ്മെന്റിന്റെ അഫിലിയേഷൻ പിൻവലിക്കാനുള്ള തന്റേടം, പ്രസംഗത്തിൽ പറയുന്നതുപോലെയുള്ള തന്റേടം, കാണിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കാരക്കോണം മെഡിക്കൽ കോളേജിന്റെ പ്രശ്നം ശ്രീ. ജയരാജന് അറിയാം. ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ഞാൻ അവരെ വിളിച്ചു. ആ വിദ്യാർത്ഥികളുടെ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഒരു പൊതു ധാരണ ഉണ്ടാക്കാൻവേണ്ടി ചർച്ച നടത്തുകയുണ്ടായി. അതിന് അനുകൂലമായ തീരുമാനം വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ കാര്യം ഗവൺമെന്റ് വളരെ താൽപ്പര്യത്തോടെ എടുത്തു. ഇന്നുതന്നെ മാനേജ്മെന്റ് ചില കാര്യങ്ങൾ ഞങ്ങളെ അറിയിച്ചിട്ടുണ്ട്. വീണ്ടും വിദ്യാർത്ഥികളോട് സംസാരിച്ച് ഈ സമരം അവസാനിപ്പിക്കാൻ വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പരീക്ഷാ സംവിധാനം കുറ്റമറ്റതാക്കാൻ കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ആ നിർദ്ദേശംകൂടി പരിഗണിച്ച് വളരെ പ്രശംസനീയമായ രീതിയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് പെർമെനന്റ് അഫിലിയേഷൻ കൊടുക്കാൻ ഇതൊരു പ്രധാന മാനദണ്ഡമാക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എക്സാമിനേഷൻ നടത്തുന്നത് യൂണിവേഴ്സിറ്റി തന്നെയാണ്. അതുകൊണ്ട് ആ കാര്യത്തിൽ വേറെ പ്രശ്നമില്ല. അതേസമയം അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളുടെ പെർമെനന്റ് അഫിലിയേഷനു വേണ്ടിയുള്ള കാര്യങ്ങളും ചെയ്യും. മറ്റൊരു കാര്യം സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെ ക്വാളിറ്റി ഉറപ്പു വരുത്തുന്നതിനുവേണ്ടി ചില സംവിധാനങ്ങളും കൊണ്ടുവരണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. അതു സ്റ്റെബിലൈസ് ചെയ്യണം. അതിൽ പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കണം. അത് കണക്കിലെടുത്തുകൊണ്ട് സ്വാശ്രയ സ്ഥാപനങ്ങളുടെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ഔദ്യോഗിക സംവിധാനം കൊണ്ടുവരാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു.

ഡോ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ quality of education വർദ്ധിപ്പിക്കാൻ ആവശ്യമായ പഠന സൗകര്യങ്ങളും അവശ്യം വേണ്ട അധ്യാപകരും ഉണ്ടാകണം. അതു പെർമെനന്റ് അഫിലിയേഷനുള്ള മാനദണ്ഡം കൂടിയാണ്. മറ്റുള്ള മേഖലയിൽ ഇതു സ്ട്രിക്ടായി പാലിക്കുമ്പോഴും സർക്കാർ മേഖലയിലെ സ്ഥാപനങ്ങളിൽ, Continuing Education, IHRD, CAPE, Universities തുടങ്ങിയ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന സൗകര്യങ്ങളും infrastructure-ഉം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ അവരെ പ്രേരിപ്പിക്കണം. അങ്ങനെ നൽകുന്നില്ലെങ്കിൽ അവരുടെ മേൽ സമ്മർദ്ദം ചെലുത്തി കുട്ടികൾക്ക് ഈ സൗകര്യമുണ്ടാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഗവൺമെന്റ് സ്ഥാപനങ്ങൾ എന്ന പദംകൊണ്ട് ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സോഷ്യൽ സ്ഥാപനങ്ങളെയാണ് ശ്രീ. കെ. സി. ജോസഫ് ഉദ്ദേശിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സെന്ററുകളാണ് ശോചനീയാവസ്ഥയിലുള്ളത്. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. പോലെയുള്ള സ്ഥാപനങ്ങൾക്ക് കുറച്ചുകൂടി ഇൻഫ്രാസ്ട്രക്ചർ ഉണ്ട്. ഏതായാലും തീർച്ചയായും യൂണിവേഴ്സിറ്റിയെക്കൂടി വിളിച്ചു ചേർത്ത് അവയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ കാര്യങ്ങളും ചെയ്യുന്നതാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, അൺഎയിഡഡ് കോളേജുകൾക്ക് സർവ്വകലാശാല പെർമെനന്റ് അഫിലിയേഷൻ കൊടുക്കുന്നതിനുമുമ്പ് അവിടത്തെ ജീവനക്കാരേയും അധ്യാപകരേയും നിയമിക്കുന്നതിൽ സംവരണ വ്യവസ്ഥ പാലിക്കുന്നു എന്ന് ഉറപ്പു വരുത്താൻ ഇൻറർ സർവ്വകലാശാല കൗൺസിലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സംവരണം ഉറപ്പു വരുത്തുന്നതിനെ സംബന്ധിച്ച കാര്യം അജൻഡ നോക്കി വയ്ക്കാവുന്നതാണ്. ഐ. യു. സി. സി.യുടെ അജണ്ടയിൽ ഇത് ഉൾപ്പെടുത്താവുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly